രൂപയുമാകയാൽ അധികരിച്ച തുകയ്ക്കുള്ള എസ്റ്റിമേറ്റ് അംഗീകാരം ലഭ്യമാക്കേണ്ടതുള്ളതിനാലും അംഗീകരിച്ച പ്രോജക്ട് അടങ്കലിനെ അധികരിച്ച് വേണ്ടിവന്നിട്ടുള്ള തുക കണ്ടെത്തേണ്ടതുള്ളതിനാലും അടുത്ത് നടക്കുന്ന എംപവേർഡ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ചാത്തന്നൂർ മണ്ഡലത്തിലെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ

153 (6858) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിൽ മൈലക്കാട്, ആലുംകടവ് ഭാഗങ്ങളിലെ പഴയപൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി നൽകിയതെന്നും എന്തുതുക ഈ ആവശ്യത്തിലേക്കായി അനുവദിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നാണ് പൂർത്തീകരിക്കേണ്ടിയിരുന്നത് ; നാളിതുവരെയുള്ള പ്രവർത്തനപുരോഗതി അറിയിക്കുമോ ;

(സി) അവശേഷിക്കുന്ന പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിൽ മൈലക്കാട്, ആലുംകടവ് ഭാഗങ്ങളിലെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് 11-10-2013-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലേക്കായി 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി&സി) പ്രസ്തുത പ്രവൃത്തികൾ 31-3-2014-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തികൾ മൂന്ന് റീച്ചുകളായിട്ടാണ് നിശ്ചയിച്ചിരുന്നത്. രണ്ട് റീച്ചുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത വിഭാഗത്തിൽ നിന്നും 'Berm cutting -നുള്ള അനുമതി വൈകിയതിനാൽ മൂന്നാമത്തെ റീച്ചിന്റെ പണികൾ ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്.

2014 ജൂലൈ 31-ന് പണികൾ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഡാമുകളിൽനിന്ന് എക്കൽ നീക്കം ചെയ്യുന്നതിന് നടപടി

154 (6859) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിൽ കേരളത്തിൽ എത്ര ഡാമുകളാണ് ഉള്ളത് ; അവ ഏതൊക്കെ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ഡാമും പ്രവർത്തനക്ഷമമായത് ഏത് വർഷംമുതലാണ് ; എത്ര ഘനയടി വെള്ളമാണ് ഓരോ ഡാമിനും സംഭരിക്കാൻ ശേഷിയുള്ളത് ;

(സി) കാലാകാലങ്ങളിലുള്ള എക്കൽ ഡാമുകളിൽ അടിയുന്നതിനാൽ ഇപ്പോൾ സമാനിതശേഷിക്കനുസരിച്ചുള്ള വെള്ളം സംഭരിക്കാൻ കഴിയുന്നുണ്ടോ ;

(ഡി) പ്രസ്തുത ഡാമുകളിൽനിന്ന് എക്കൽ കാലാകാലങ്ങളിൽ നീക്കം ചെയ്യാറുണ്ടോ ; ഏറ്റവും ഒടുവിൽ ഡാമുകളിൽനിന്ന് എന്നാണ് എക്കൽ നീക്കിയിട്ടുള്ളതെന്നും ഡാമിന്റെ പേരും തീയതിയും സമയം വ്യക്തമാക്കുമോ ;

(ഇ) ഇനി എക്കൽ നീക്കാനുള്ള ഡാമുകളിൽ ആയത് നീക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിൽ കേരളത്തിൽ നിലവിൽ 19 വലിയ ഡാമുകളാണുള്ളത്. പ്രവർത്തനക്ഷമമായ വർഷവും സംഭരണശേഷിയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കഴിയുന്നില്ല.

(ഡി) സ.ഉ.(സാധാ)നമ്പർ124/2010/ജ.വി.വ. തീയതി 27-1-2010 പ്രകാരം പുള്ളിയാർ, വാളയാർ, മലമ്പുഴ ഡാമുകളിൽ നിന്നും KEMDEL എന്ന സമാപനത്തിന് എക്കലും മണലും നീക്കം ചെയ്യുന്ന പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കുറ്റ്യാടി ഡാമിൽ നിന്നും 31-8-2005-ന് അവസാനമായി എക്കൽ നീക്കം ചെയ്തു. പഴശ്ശി ബാരേജിൽനിന്നും 18-10-2013-ന് അവസാനമായി എക്കൽ നീക്കം ചെയ്തു.

(ഇ) 2012 മാർച്ച് മാസത്തിൽ പ്രിൻസിപ്പൽ സെക്രട്ടറി (ജലവിഭവ വകുപ്പ്) യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാനത്തെ ജലസംഭരണികളിൽ നിന്ന് എക്കൽ മണ്ണ് നീക്കം ചെയ്യുവാൻ തത്ത്വത്തിൽ തീരുമാനിക്കുകയുണ്ടായി. 12-12-2013-ൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആദ്യമായി എക്കൽ നീക്കം ചെയ്യുവാൻ ജലസേചന വകുപ്പിന്റെ മീങ്കര അണക്കെട്ടിനെയും കെ.എസ്.ഇ.ബി.യുടെ കുണ്ടള അണക്കെട്ടിനെയും തിരഞ്ഞെടുത്തു.

വ്യവസായ വകുപ്പിന്റെ സ.ഉ.(കൈയ്യെഴുത്ത്) നമ്പർ38/14/വ്യവ. തീയതി 4-3-2014-ന്റെ ഉത്തരവുപ്രകാരം സംസ്ഥാനത്തെ വിവിധ ഡാമുകളിൽ നിന്നും ശേഖരിക്കുന്ന മണൽ വിൽപ്പന നടത്തുന്നതിനുവേണ്ടി ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിട്ടുള്ള ജില്ലാസമിതി ജില്ലാകളക്ടർമാർ അടിയന്തരമായി വിളിച്ചു ചേർത്ത് അതാത് ജില്ലകളിലെ വിവിധ ഡാമുകളിൽ സാങ്കേതിക മാനദണ്ഡങ്ങൾ അനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ നിയമപ്രകാരം അനുവദനീയമായ രീതിയിൽ സംഭരിക്കുന്നതിന് പ്രായോഗിക പദ്ധതി തയ്യാറാക്കണമെന്നും അതനുസരിച്ച് സംഭരിക്കുന്ന മണൽ വിതരണം ചെയ്യുന്നതിന് നടപടികൾ താമസിയാതെ സ്വീകരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly